**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *756** **08.11.2016-ൽ മറുപടിക്ക്**

## സംസ്ഥാനത്ത് നിരോധിത ലഹരി വസ്തുക്കളുടെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. യു.ആർ. പ്രദീപ്<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും ഉൾപ്പെടെ നിരോധിത ലഹരി വസ്തുക്കളുടെ ലഭ്യത വർദ്ധിച്ച വരുന്നതായ വാർത്തയുടെ നിജസ്ഥിതി ആഭ്യന്തര വകുപ്പ് പരിശോധിച്ചിരുന്നോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന വർഷത്തെ കണക്കുകൾ അനുബന്ധം 'എ' ആയി കാണാവുന്നതാണ്. |
| (ബി) മദ്യ നിരോധനത്തിന്റെ ഫലമായി മറ്റു ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതു മൂലം കുറ്റകൃത്യങ്ങൾ വർദ്ധിച്ച വരുന്നത് ഫലപ്രദമായി തടയാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) മദ്യനിരോധനത്തിന്റെ ഭാഗമായി മറ്റു ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ മയക്കമരുന്ന്, പുകയില ഉൽപ്പന്നമായ പാൻമസാല തുടങ്ങിയ നിരോധിത ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും, വിപണനവും, ഉൽപ്പാദനവും നിരോധിച്ചിട്ടുള്ളതും അതിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ NDPS Act, COTPA, Kerala Police Act 2011, J.J. Act എന്നിവ പ്രകാരം സ്വീകരിച്ച വരുന്നു. പട്രോളിംഗ്, ഷാഡോ പോലീസിംഗ്, ബീറ്റ് പട്രോളിംഗ് തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വിവിധ മേഖലകളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കിയും ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വഴി ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതു മൂലവും അല്ലാതെയുമുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും, കുറ്റകൃത്യങ്ങളിൽ |

ഏർപ്പെടുന്നവർക്കെതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇത്തരം സാധനങ്ങൾ വൻതോതിൽ കടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് ചെക് പോസ്റ്റ്, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് ഇതു തടയാൻ നടപടി സ്വീകരിക്കുമോ?

(സി) സ്വീകരിക്കുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരിവസ്തുക്കൾ വൻതോതിൽ കേരളത്തിലേക്ക് കടത്തുന്നുണ്ടെന്ന മാധ്യമ വാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ സംസ്ഥാന പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും, ഷാഡോ പോലീസ് വിഭാഗവും, എക്സൈസ് വകുപ്പുമായി സഹകരിച്ച് റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റുകൾ കൂടാതെ അന്യസംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നിരീക്ഷണം നടത്തി ലഹരിവസ്തുക്കളുടെ വ്യാപനവും വില്പനയും ഇതുമൂലമുള്ള കുറ്റകൃത്യങ്ങളും തടയുന്നതിന് ജാഗരൂകരായി പ്രവർത്തിച്ചു വരുന്നുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് കേരളാ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (KANSAF) മയക്കുമരുന്ന് കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ പ്രവർത്തനങ്ങളുമായി ചേർന്ന് മയക്കുമരുന്ന് കടത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം 'എ'

## COTPA VIOLATIONS

| Sections | 2013 | 2014 | 2015 | 2016 |
|---|---|---|---|---|
| Section-4 | 57937 | 90396 | 162151 | 134900 |
| Section-5 | 3860 | 316 | 216 | 23 |
| | | | | 405 |
| Section-6(a) | 358 | 1052 | 746 | 405 |
| Section-6(b) | 1258 | 2880 | 3343 | 1714 |
| Section-7 | 100 | 606 | 432 | 191 |
| **Total COTPA Violations** | **63513** | **95250** | **166888** | **137638** |

## മയക്കമരുന്ന് സംബന്ധിച്ച വിവരങ്ങൾ

## NDPS Act Cases

| | 2013 | 2014 | 2015 | 2016 |
|---|---|---|---|---|
| **NDPS Act Cases** | 974 | 2234 | 4103 | 4271 |

Priya Lyni V.
സെക്ഷൻ ഓഫീസർ